സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

ദേവസ്വം ബോർഡ് സെക്രട്ടറി ശ്രീ. എസ്. ഉണ്ണികൃഷ്ണന്റെ സ്വയം വിരമിക്കലിനുളള അപേക്ഷ - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 5600/12/Est-1** നന്തൻകോട്, **22/06/2017**

---

പരാമർശം : 1) ദേവസ്വം ബോർഡ് സെക്രട്ടറി ശ്രീ. എസ്. ഉണ്ണികൃഷ്ണന്റെ 12-6-2017 ലെ അപേക്ഷ.
2) ബഹു: ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ 15-6-2017 ലെ ഉത്തരവ്.
3) ദേവസ്വം കമ്മീഷണറുടെ 16-6-2017 ലെ ROC 11561/17/Est-A നമ്പർ റിപ്പോർട്ട്.
4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 20-6-2017 ലെ DA 567/17/E-3 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേവസ്വം ബോർഡ് സെക്രട്ടറി ശ്രീ. എസ്. ഉണ്ണികൃഷ്ണൻ, 03-6-2017 മുതൽ 24-6-2017 വരെ കമ്മ്യൂട്ടഡ് ലീവിൽ പ്രവേശിച്ചു. തുടർന്ന് സ്വയം വിരമിക്കുന്നതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് 12-6-2017 ൽ ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റിന് സമർപ്പിച്ച അപേക്ഷ (പരാമർശം -1), പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ദേവസ്വം കമ്മീഷണർ ആഫീസിന് കൈമാറി (പരാമർശം -2).

ശ്രീ. എസ്. ഉണ്ണികൃഷ്ണന്റെ പേർക്ക് ക്രിമിനൽ പ്രോസിക്യൂഷൻ നടപടികളോ ഡിപ്പാർട്ട്മെന്റൽ അച്ചടക്ക നടപടികളോ നിലവിൽ ഇല്ലാത്തതാണെന്നും ആകയാൽ സർവ്വീസ് കാലാവധി സംബന്ധിച്ച വിശദാംശങ്ങൾ ദേവസ്വം അക്കൗണ്ട്സ് ആഫീസറിൽ നിന്നും ലഭ്യമാക്കി വിഷയം ബോർഡ്തലത്തിൽ ചർച്ച ചെയ്ത് തീരുമാനം ഉണ്ടാകണമെന്നും ശ്രീ. എസ്. ഉണ്ണികൃഷ്ണൻ സമർപ്പിച്ച അപേക്ഷ അനുവദിക്കുന്നപക്ഷം സീനിയർ മോസ്റ്റ് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ശ്രീമതി. എസ്. ജയശ്രീക്ക് പ്രൊമോഷൻ നൽകാവുന്നതാണെന്നും വിവരിച്ചുളള ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -3).

ശ്രീ. എസ്. ഉണ്ണികൃഷ്ണന്റെ 'qualifying service' 32 വർഷം 5 മാസം 15 ദിവസം ആണെന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസർ പരാമർശം 4 പ്രകാരം അറിയിച്ചു.

(മറുപുറം)

ബോർഡ് പ്രസ്തുത വിഷയം പരിശോധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

1. സ്വയം വിരമിക്കലിനുള്ള പരാമർശം 1 അപേക്ഷയിന്മേൽ നിയമാനുസൃത മായ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതിനാൽ ദേവസ്വം ബോർഡ് സെക്രട്ടറി ശ്രീ. എസ്. ഉണ്ണികൃഷ്ണന് 03-7-2017 മുതൽ സ്വയം വിരമിക്കലിന് അനുവാദം നൽകുന്നു.
2. ശ്രീ. എസ്. ഉണ്ണികൃഷ്ണന് നോട്ടീസ് കാലയളവായ മൂന്ന് മാസം അവസാനിക്കുന്ന 14-9-2017 ന് ശേഷം മാത്രമെ നിയമാനുസൃതമുള്ള പെൻഷൻ കമ്മ്യൂട്ടേഷന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.
3. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരിൽ സീനിയർ മോസ്റ്റായ ഹരിപ്പാട് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ശ്രീമതി. എസ്. ജയശ്രീയെ ദേവസ്വം കമ്മീഷണർ കേഡറിൽ 85000-117600 ശമ്പള സ്കെയിലിൽ പ്രൊമോഷൻ നൽകി മേൽപ്രകാരം ഒഴിവ് വന്ന ദേവസ്വം ബോർഡ് സെക്രട്ടറി തസ്തികയിൽ നിയമിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)
സെക്രട്ടറി
അസിസ്റ്റന്റ് സെക്രട്ടറി, ശബരിമല സെൽ
(ഇൻ അഡീഷണൽ ചാർജ്)

(1) ശ്രീ. എസ്. ഉണ്ണികൃഷ്ണൻ,
സെക്രട്ടറി,
തിരുവിതാംകൂർ ദേവസ്വം ബോർഡ്.

(2) ശ്രീമതി. എസ്.ജയശ്രീ,
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
ഹരിപ്പാട്.

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ഇ.ഡി.പി. സെക്ഷൻ
4. പെൻഷൻ സെക്ഷൻ, ദേവസ്വം ബോർഡ് ആഫീസ്
5. അക്കൗണ്ട്സ് സെക്ഷൻ, ദേവസ്വം ബോർഡ് ആഫീസ്
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി,
'ബി' സെക്ഷൻ

SK